# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 707

11/03/2015-ൽ മറുപടിക്ക്

## പനി ബാധിതർക്ക് ചികിത്സ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി.കെ.എസ്.സലീഖ** | | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) ഈ സർക്കാർ കാലയളവിൽ എല്ലാ വർഷവും സംസ്ഥാനത്ത് ഡെങ്കിപ്പനി, എച്ച് വൺ എൻ1 പനി, പക്ഷിപ്പനി, പന്നിപ്പനി, ചെള്ളുപനി, കരങ്ങുപനി എന്നീ വിവിധയിനം പനികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) | ഡെങ്കിപ്പനി, എച്ച്1 എൻ1 പനി അഥവാ (പന്നിപ്പനി) ചെള്ളുപനി എന്നിവ ഈ സർക്കാർ കാലയളവിൽ എല്ലാ വർഷവും സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ മനുഷ്യരിൽ ഇതുവരെ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കരങ്ങുപനി 2013,14,15 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. വിശദാംശം അനുബന്ധമായി-1 ആയി ചേർത്തിരിക്കുന്നു. |
| ബി) സംസ്ഥാനത്താകമാനം പ്രസ്തുത കാലയളവിൽ ഓരോ വർഷവും വിവിധയിനം പനി ബാധിച്ച് എത്ര പേർ മരണപ്പെട്ടു എന്നും ഇവരുടെ ആശ്രിതർക്ക് എന്തെങ്കിലും സഹായം ലഭ്യമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | ബി) | വിവിധയിനം പനി ബാധിച്ച് മരിച്ചവരുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. പനി ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആരോഗ്യ വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടില്ല. |
| സി) ഇത്തരം മാരകമായ പനി ബാധിച്ച് നിലവിൽ എത്ര പേർ ചികിത്സ തേടിയിട്ടുണ്ട് എന്നും പ്രസ്തുത പനി നിയന്ത്രിക്കാനും നിർമ്മാർജ്ജനം ചെയ്യുവാനും വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ; | സി) | മാരകമായ പനി പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും എല്ലാ വർഷവും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി സർക്കാർ നടപ്പിലാക്കുന്നുണ്ട്. മഴക്കാല പൂർവ്വ ശുചീകരണം, ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തന കാമ്പയനുകൾ, ഫീൽഡ് തലത്തിലും ആശുപത്രി തലത്തിലുമുള്ള രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം തുടങ്ങിയവയാണ് പ്രധാന പ്രതിരോധ പ്രവർത്തനങ്ങൾ. രോഗം കണ്ടെത്തിയാൽ ശരിയായ ചികിൽസ, രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ഉചിതമായ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ |

നടത്തുന്നു. കൂടാതെ സേഫ് കേരള കാമ്പയിൻ എന്ന പരിപാടിയിലൂടെ ശുചിത്വ ആരോഗ്യ മാനദണ്ഡങ്ങൾ പാലിക്കാത്ത വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും എതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിവിധയിനം പനി ബാധിച്ച് ചികിൽസയിലിരിക്കുന്നവരുടെ വിശദാംശം അനുബന്ധം I-ൽ സൂചിപ്പിച്ചിരിക്കുന്നു.

| | |
|---|---|
| ഡി) പരിശോധനകൾക്ക് ആശുപത്രി ലാബ് സൗകര്യം മെച്ചപ്പെടുത്താനും ഫലപ്രദമായ ചികിത്സ യഥാസമയം ലഭ്യമാക്കാനും എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | ഡി) പകർച്ചവ്യാധികളുടെ പരിശോധന മെച്ചപ്പെടുത്തുന്നതിനായി 5 ജില്ലാ ലാബുകൾക്കും 5 മെഡിക്കൽ കോളേജുകളുടെ ലാബുകൾക്കും ഐ.ഡി.എസ്.പി. വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇതിനു പുറമെ 27 ലാബുകൾക്ക് എൻ.വി.ബി.ഡി.സി.പി. യിൽ നിന്ന് 1 ലക്ഷം രൂപ, ഡങ്കു, ചിക്കൻഗുനിയ എന്നിവയുടെ ടെസ്റ്റ് കിറ്റുകൾ വാങ്ങുന്നതിന് നൽകുന്നുണ്ട്. എച്ച് 1 എൻ1, കുരങ്ങുപനി എന്നീ രോഗങ്ങളുടെ പരിശോധനയ്ക്കായി എൻ.ഐ.വി. യൂണിറ്റ് ആലപ്പുഴ, മണിപ്പാൽ മെഡിക്കൽ കോളേജിലെ വൈറോളജി ഡിപ്പാർട്ട്മെന്റ് എന്നിവയുടെ സഹായം ലഭ്യമാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഫലപ്രദമായ ചികിൽസ ലഭ്യമാക്കുന്നതിനുള്ള ആവശ്യമായ മാർഗ്ഗ രേഖകൾ ജില്ലകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## Confirmed Cases due to Communicable diseases from May 2011 to 09.03.2015

| Diseases | 2011 may -Dec | 2012 | 2013 | 2014 | 2015 | Total |
|---|---|---|---|---|---|---|
| Fever | 1502211 | 2301100 | 2922351 | 2636132 | 382564 | 9744358 |
| Dengue | 1088 | 4056 | 7938 | 2575 | 228 | 15885 |
| Leptospirosis | 800 | 736 | 814 | 1061 | 104 | 3515 |
| Malaria | 1657 | 2035 | 1634 | 1751 | 129 | 7206 |
| Hepatitis A | 4211 | 6305 | 6166 | 2671 | 300 | 19653 |
| Japanese Encephalitis | 32 | 3 | 2 | 3 | 0 | 40 |
| H1N1 | 200 | 663 | 32 | 62 | 80 | 1037 |
| Typhoid | 1864 | 2849 | 2930 | 1969 | 282 | 9894 |
| Scrub Typhus | 0 | 39 | 68 | 431 | 228 | 766 |
| KFD | 0 | 0 | 0 | 6 | 42 | 48 |
| Birdflu | 0 | 0 | 0 | 0 | 0 | 0 |

സെക്ഷൻ ഓഫീസർ

അനുബന്ധം II

## Confirmed Deaths due to Communicable diseases from May 2011 to 09.03.2015

| Diseases | 2011 may -Dec | 2012 | 2013 | 2014 | 2015 | Total |
|---|---|---|---|---|---|---|
| Fever | 10 | 11 | 23 | 29 | 3 | 76 |
| Dengue | 7 | 16 | 29 | 11 | 2 | 65 |
| Leptospirosis | 59 | 18 | 34 | 28 | 2 | [illegible] |
| Malaria | 1 | 3 | 0 | 6 | 0 | 10 |
| Hepatitis A | 9 | 8 | 8 | 7 | 0 | 32 |
| Japanese Encephalitis | 2 | 1 | 0 | 2 | 0 | 5 |
| H1N1 | 10 | 15 | 1 | 14 | 9 | [illegible] |
| Typhoid | 1 | 1 | 0 | 0 | 0 | 2 |
| Scrub Typhus | 0 | 0 | 0 | 6 | 7 | 13 |
| KFD | 0 | 0 | 0 | 1 | 5 | 6 |
| Birdflu | 0 | 0 | 0 | 0 | 0 | 0 |

സെക്ഷൻ ഓഫീസർ